# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2555** **15-10-2024 - ൽ മറുപടിയ്ക്ക്**

## യുവ സഹകരണ സംഘങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൂടുതൽ തൊഴിൽ നൽകുകയും സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ, സേവന മേഖലകളിലേക്കുകൂടി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കുകയെന്ന ലക്ഷ്യത്തോടെ യുവ സഹകരണ സംഘങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവാക്കളുടെ സഹകരണ സംഘങ്ങൾ ആരംഭിക്കുമെന്ന സർക്കാരിന്റെ നയപ്രഖ്യാപനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 32 യുവ സഹകരണ സംഘങ്ങളും 14 പട്ടികജാതി /പട്ടിക വർഗ്ഗ സഹകരണ സംഘങ്ങളും 3 യുവ വനിതാ സഹകരണ സംഘങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൂടുതൽ തൊഴിൽ നൽകുകയും സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്യുന്ന നിർമ്മാണ സേവന മേഖലകളിലും യുവ സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | യുവ സഹകരണ സംഘങ്ങളുടെ മാതൃകയിൽ യുവതികൾക്കായി യുവ വനിതാ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉണ്ട്.<br>കോട്ടയം ജില്ലയിൽ കുമരകം ആസ്ഥാനമാക്കി കോട്ടയം താലൂക്ക് വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ കെ 1244, തൃശ്ശൂർ ജില്ലയിൽ കൊരട്ടി ആസ്ഥാനമാക്കി കൊരട്ടി യുവ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 1566, കണ്ണൂർ ജില്ലയിൽ കണ്ണൂർ ജില്ലാ യുവ വനിതാ മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി 2162 എന്നിങ്ങനെ 3 യുവ വനിത സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ